**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 4276** — **19.10.2011-ൽ മറുപടിയ്ക്ക്**

# തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ.കെ. വിജയൻ<br>,, കെ. അജിത് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ ; | എ. ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുവാനായി പ്രവൃത്തി സ്ഥലത്ത് പ്രഥമ ശുശ്രൂഷ സൗകര്യം ഉറപ്പാക്കുവാനായി പ്രഥമ ശുശ്രൂഷ കിറ്റ്, വെള്ളക്കെട്ട് പ്രദേശങ്ങളിലുൾപ്പെടെ പകർച്ചവ്യാധി സാധ്യതയുള്ള സ്ഥലങ്ങളിൽ പണിയെടുക്കുവന്നവർക്ക് കയ്യുറ, ബൂട്സ്, ഗോഗിൾസ് എന്നിവ നിർബന്ധമായും നൽകുന്നതിനും പരിസരം രോഗാണു വിമുക്തമാക്കുന്നതിനും ശുദ്ധമായ കുടിവെള്ളം നൽകുന്നതിനും പണി സ്ഥലത്തുണ്ടാകുന്ന അപകടങ്ങൾക്ക് സൗജന്യ ആശുപത്രി ചികിത്സ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ കുറഞ്ഞത് 15 ദിവസം തൊഴിൽ ചെയ്തവരെ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയിൽ (ആർ.എസ്.ബി.വൈ.) അംഗങ്ങളാക്കുന്നു. |
| ബി. തൊഴിലുറപ്പു പദ്ധതിയിൽ പങ്കെടുക്കുന്ന തൊഴിലാളികൾ പലവിധത്തിലുള്ള പകർച്ചവ്യാധികൾക്കും, മാരക രോഗങ്ങൾക്കും അടിമകളായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | ബി. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി. | ഇത്തരം രോഗങ്ങൾ ബാധിച്ച് ആരോഗ്യസ്ഥിതി മോശമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ ? | സി. | **ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കെയാണ് പകർച്ചവ്യാധി പിടിപ്പെട്ടതെന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവ് പദ്ധതിയിൽ നിന്നും നൽകുന്നതാണ്. ആശുപത്രി ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ ദിവസകൂലിയുടെ 50% അനുവദിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസം തൊഴിൽ ചെയ്തവരെ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജനയിൽ അംഗങ്ങളാക്കുന്നു.** |

**സെക്ഷൻ ഓഫീസർ.**